


## സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം

# ആസ്തിയുടെ പിൻബലമുള്ള സംവിധാനങ്ങൾ



***റേഡിയൻസിനുവേണ്ടി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ്സ് ആന്റ് ക്രെഡിറ്റ്സ് ലിമിറ്റഡ് (എ.ഐ.സി.എൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. കെ അലിയുമായി ഡോ. വഖാർ അൻവർ നടത്തിയ അഭിമുഖം***

**സ്വന്തമായി ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി വീടുകൾ, ഫ്ളാറ്റുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ മുതലായ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി AICL Builders & Developers Ltd. എന്ന ഒരു അനുബന്ധ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.**

*AICL ഒരു ബാങ്കിംഗ് ഇതര സാമ്പത്തിക സ്ഥാപനമാണല്ലോ. ആ സ്ഥാപനത്തിന്റെ പേരിലുള്ള 'ആൾട്ടർനേറ്റീവ്' എന്ന പദം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?*

ഈ സ്ഥാപനത്തിന്റെ അടിസ്ഥാന ആശയം തന്നെ സാമ്പ്രദായിക ബാങ്കിംഗ് - സാമ്പത്തിക രീതികൾക്ക് ഒരു ബദൽ അവതരിപ്പിക്കുക എന്നുള്ളതാണ്. സ്ഥാപനം നിലവിൽ വരുന്നതിനു മുമ്പ് അതിന്റെ നാമകരണം സംബന്ധിച്ച് ചർച്ചകൾ നടക്കുകയുണ്ടായി. ഈ സംരംഭത്തിന്റെ സൂത്രധാരകനായ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിനെ പോലുള്ളവരുടെ നിർദേശം, നാമൊരു ബദൽ അവതരിപ്പിക്കുന്നു എന്ന് സ്ഥാപനത്തിന്റെ പേരിൽ തന്നെ സൂചന ഉണ്ടായിരിക്കണമെന്നായിരുന്നു. നിലവിലുള്ള ചൂഷണ സമ്പ്രദായത്തിന് മൂല്യാധിഷ്ഠിതവും നീതിയുക്തവുമായ ഒരു ബദലായിരിക്കും ഇതെന്ന സന്ദേശം പേരു തന്നെ നൽകണം.

*ഒരു ബദൽ മുന്നോട്ടുവെക്കുക എന്ന കാര്യം സഫലമായതായി താങ്കൾക്കു തോന്നുന്നുണ്ടോ?*

ഞങ്ങളുടെ ദൗത്യം പൂർത്തീകരിച്ചു എന്ന് അവകാശപ്പെടുന്നില്ല. ഞങ്ങൾ അതിനുള്ള ശ്രമത്തിലാണ്. ഈ ദിശയിൽ അൽപം മുന്നോട്ടു പോവുകയും ചെയ്തിരിക്കുന്നു.

*AICL ന്റെ ഇതുവരെയുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ?*

ഞങ്ങൾ മുന്നോട്ടു വെക്കുന്ന ബദൽ വ്യാപാരി വ്യവസായി സമൂഹത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്ത മാണോ അല്ലേ എന്ന് വിലയിരുത്തുന്നതിനുവേണ്ടി ഈ ആശയം അവർക്കിടയിൽ പ്രചരിപ്പിക്കാൻ സാധിച്ചു എന്ന താണ് പ്രധാനമായ നേട്ടം. ഈ ബദൽ സംവിധാനം പ്രായോ ഗികവും ലാഭകരവുമാണ് എന്ന് തെളിയിക്കാൻ സാധിച്ചു എന്നതാണ് മറ്റൊരു നേട്ടം. അതുകൊണ്ടാണ് ഞങ്ങളുടെ ഓഹരി ഉടമകൾക്ക് കഴിഞ്ഞ നാലു വർഷമായി മുടങ്ങാതെ മാന്യമായ ലാഭവിഹിതം നൽകാൻ കഴിയുന്നത്.

*ഇതുവരെയും AICL വിവിധ സംരംഭങ്ങളിലായി മുടക്കിയ സംഖ്യ എത്രയാണ് ?*

27 കോടി രൂപയ്ക്കുമേൽ ട്രേഡിംഗ്, മാനുഫാക്ചറിംഗ്, സർവീസ് സെക്ടർ എന്നീ മേഖലകളിലായി മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്.

*സ്ഥാപനം നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?*

ധാരാളം വെല്ലുവിളികളുണ്ട്. പ്രധാനമായും പാർട്ണർഷിപ്പ് (മുശാറക) രീതിയിലുള്ള നിക്ഷേപങ്ങളാണ് ഞങ്ങൾ നടത്തുന്നത്. ഇതിന് കുറെയേറെ പ്രശ്നങ്ങളും പരിമിതികളുമുണ്ട്. ദൂരെ ദിക്കുകളിൽ ബിസിനസ് ചെയ്യുന്നവരുടെ പ്രവർത്തനങ്ങൾ ഓരോ ദിവസവും നേരിട്ട് നിയന്ത്രിക്കാനും മനസ്സിലാക്കാനും സ്വാഭാവികമായും ഞങ്ങൾക്ക് സാധ്യമല്ല. അവരുടെ സത്യസന്ധതയിൽ വിശ്വാസമർപ്പിക്കുകയേ നിവൃത്തിയുള്ളൂ. മറ്റൊരു പ്രശ്നം നികുതിയുമായി ബന്ധപ്പെട്ടതാണ്. കനത്ത നികുതിഭാരം കാരണമായി ഓഹരി ഉടമകൾക്ക് കൂടുതൽ ആകർഷകമായ ഡിവിഡന്റ് നൽകാൻ കമ്പനിക്ക് സാധിക്കുന്നില്ല.

*കാലാകാലങ്ങളിലുള്ള കണക്കു ബോധിപ്പിക്കൽ, റിപ്പോർട്ടിംഗ് മുതലായ റിസർവ് ബാങ്കിന്റെയും കമ്പനി രജിസ്ട്രാറുടെയും നിബന്ധനകൾ പാലിക്കുന്നത് വിഷമകരവും പ്രശ്നവുമായി തോന്നിയിട്ടുണ്ടോ ?*

ഒട്ടുമില്ല. ഞങ്ങളുടെ അനുഭവം വെച്ചു പറയുന്നു, ഇതൊരു പ്രശ്നമല്ല. നിയമങ്ങൾ വെച്ച് കളിച്ചു കൂടാ. നേരും സുതാര്യവുമായ സമീപനമാണ് ഞങ്ങളുടേത്. നാം ജീവിക്കുന്ന രാജ്യത്തെ നിയമങ്ങൾ അനുസരിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മറ്റു രാജ്യങ്ങളിലെ സെൻട്രൽ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ മെച്ചപ്പെട്ടതുമാണ്.

*സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ?*

ഇല്ല. ചില നടപടി ക്രമങ്ങൾകൂടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഓഹരികൾ എടുക്കാം. തുടർച്ചയായി ലാഭവിഹിതം കൊടുക്കുന്നതുകൊണ്ട് 10 രൂപ മുഖവില ഉണ്ടായിരുന്ന ഷെയർ ഇപ്പോൾ 1 രൂപ പ്രീമിയത്തിൽ 11 രൂപ പ്രകാരമാണ് വിൽക്കുന്നത്. ഞങ്ങൾ ഇതുവരെ 700 ഓളം ഓഹരി ഉടമകളിൽനിന്നും മൂലധനമായി ഏതാണ്ട് 6.5 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്.

*നിങ്ങളുടെ ഈ പരീക്ഷണം സാങ്കേതികമായും സാമ്പത്തികമായും പ്രാവർത്തികമാക്കാനാവുമെന്ന് വിശ്വാസമുണ്ടെങ്കിൽ, എന്തുകൊണ്ട് ഇത് കേരളത്തിനു പുറത്തേക്കും വ്യാപിപ്പിച്ചുകൂടാ?*

തീർച്ചയായും, വളർച്ചയുടെ ഭാഗമായി കേരളത്തിന് പുറത്തേക്കും ഭാവിയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിക്കും. ഞങ്ങളുടെ പരീക്ഷണം മാതൃകയായി സ്വീകരിച്ചുകൊണ്ട് ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ NBFC (Non Banking Financial Companies) രീതിയിൽ ഇത്തരം സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിയുന്നത്ര സഹായ സഹകരണങ്ങൾ നൽകാനും ഞങ്ങൾക്കു സാധിക്കും.

*നമ്മുടെ നാട്ടിലെ അധാർമിക ബിസിനസ് ചുറ്റുപാടിൽ നിങ്ങൾ എങ്ങനെ പിടിച്ചുനിൽക്കുന്നു? നിങ്ങളുടെ സംവിധാനത്തിൽ നല്ല ബിസിനസ് ധാർമികത ആവശ്യമാണല്ലോ?*

ഞങ്ങൾ വളരെ വിവേചനപൂർവമാണ് പ്രവർത്തിക്കുന്നത്. ഒരാൾ ഒരു ബിസിനസ് ആവശ്യവുമായി ഞങ്ങളെ സമീപിക്കുമ്പോൾ, അത് ലാഭകരമാണോ എന്നു പഠിക്കുന്നതോടൊപ്പം പ്രസ്ഥാനത്തിന്റെ നെറ്റ് വർക്കുകൾ ഉപയോഗിച്ച് ഞങ്ങൾ ആ വ്യക്തിയുടെ സത്യസന്ധത, ബിസിനസിലെ കഴിവുകൾ, തിരിച്ചടവിനുള്ള ശേഷി മുതലായവ പരിശോധിക്കുന്നു. ഈ രീതി കാലതാമസം ഉണ്ടാക്കുമെങ്കിലും വിജയപ്രദമാണ്. കൂടാതെ ശക്തമായ മോണിറ്ററിങ് സംവിധാനവും നിലവിലുണ്ട്.

*ചില ബിസിനസ് സംരംഭങ്ങൾ പരാജയമടഞ്ഞിട്ടുമുണ്ടാവു*

**ഇന്ന് ലോകം മുഴുവനും പ്രത്യേകിച്ച് അമേരിക്കയും യൂറോപ്പും കടത്തിലധിഷ്ഠിതമായ (debt based) സാമ്പത്തിക ക്രമത്തിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കുമ്പോൾ, ഇസ്‌ലാം അവതരിപ്പിക്കുന്ന ആസ്തി അടിസ്ഥാനപ്പെടുത്തിയുള്ള (asset based) ബദൽ സംവിധാനം ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല അവസരമാണിത്.**



*മല്ലോ? ഇത്തരം സാഹചര്യങ്ങളിൽ എന്തു നടപടിയാണ് സ്വീകരിക്കുക?*

വളരെ അപൂർവമായി മാത്രം ഉണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ ഞങ്ങൾ അനുകമ്പാപൂർവം പരിഗണിക്കുകയാണ് ചെയ്യുക.

*കേരളത്തിൽ നിങ്ങളുടെ രീതിയിൽ പ്രവർത്തിക്കുന്ന മറ്റു NBFC കൾ ഉണ്ടോ?*

നിലവിൽ ഞങ്ങൾ മാത്രമേ ഉള്ളൂ. കഴിഞ്ഞ കുറെ വർഷങ്ങൾക്കു മുമ്പ് നിലവിൽ വന്ന ഇതുപോലുള്ള പല സ്ഥാപനങ്ങളും ശരീഅത്ത് നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കാത്തതുകൊണ്ടും പ്രഫഷണൽ മാനേജ്മെന്റിന്റെ അഭാവം കൊണ്ടും അടച്ചു പൂട്ടുകയാണുണ്ടായത്.

*ലോകത്ത് ധാരാളമായി ഇസ്‌ലാമിക് ബാങ്കുകൾ മുറാബഹ രീതിയിൽ ബിസിനസ് ചെയ്യുമ്പോൾ നിങ്ങൾ എന്തുകൊണ്ടാണ് മുശാറകയിൽ പരിമിതപ്പെടുത്തുന്നത്?*

മുറാബഹ ഞങ്ങൾ ചെയ്തിട്ടില്ല. ഭാവിയിൽ ചെയ്തേക്കാം. എന്നാൽ പലിശയോട് ഏതാണ്ട് സമാനമാണ് മുറാബഹ സാമ്പത്തിക ക്രമമെന്ന കാഴ്ചപ്പാടു കാരണം വളരെയധികം ശരീഅത്ത് പണ്ഡിതന്മാർ ഈ രീതിയോട് വിരക്തിയുള്ളവരാണ്.

*നിങ്ങളുടെ രീതികൾ ശരീഅത്ത് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതെങ്ങനെ?*

അൽജാമിഅ അൽ ഇസ്‌ലാമിയ്യ ശാന്തപുരം കേന്ദ്രമായി ഞങ്ങൾക്കൊരു ശരീഅത്ത് ബോർഡുണ്ട്. അവരാണ് ഞങ്ങൾക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നത്.

*ഭാവി പരിപാടികൾ?*

സ്വന്തമായി ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി വീടുകൾ, ഫ്ളാറ്റുകൾ, കമേഴ്സ്യൽ കോംപ്ലക്സുകൾ മുതലായ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി AICL Builders & Developers Ltd. എന്ന ഒരു അനുബന്ധ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ മൂലധനം വർധിപ്പിക്കുന്നതിനും ഇന്ത്യാ ഗവൺമെന്റ് ഇസ്‌ലാമിക് ബാങ്കിംഗിന് അനുവാദം തരുന്ന മുറക്ക് ഒരു പൂർണാർഥത്തിലുള്ള ഇസ്‌ലാമിക് ബാങ്കായി മാറുന്നതിനും ശ്രമിക്കുന്നുണ്ട്.

*NBFC ആയി പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരോട് താങ്കൾക്ക് എന്താണ് പറയാനുള്ളത്?*

പരമപ്രധാനമായിട്ടുള്ളത്, സുതാര്യതയുടെ കാര്യത്തിൽ ഒത്തുതീർപ്പ് അരുത് എന്നതാണ്. നിയമങ്ങൾ അനുസരിക്കുന്ന കാര്യത്തിലും ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ലാത്തതാണ്. മറ്റൊന്ന്, ഇത്തരം സംരംഭങ്ങൾ ജമാഅത്തെ ഇസ്‌ലാമി പോലുള്ള ധാർമിക പ്രസ്ഥാനങ്ങളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കുന്നത് നന്നായിരിക്കും.

ഇന്ന് ലോകം മുഴുവനും പ്രത്യേകിച്ച് അമേരിക്കയും യൂറോപ്പും കടത്തിലധിഷ്ഠിതമായ (debt based) സാമ്പത്തിക ക്രമത്തിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കുമ്പോൾ, ഇസ്‌ലാം അവതരിപ്പിക്കുന്ന ആസ്തി അടിസ്ഥാനപ്പെടുത്തിയുള്ള (asset based) ബദൽ സംവിധാനം ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല അവസരമാണിത്. ധാരാളം വൻകിട ബാങ്കുകൾ കടപുഴകി വീണപ്പോഴും ഇസ്‌ലാമിക് ബാങ്കുകൾ പോറലേൽക്കാതെ പിടിച്ചു നിൽക്കുന്നത് ആസ്തിയുടെ പിൻബലം കൊണ്ടുതന്നെയാണ്. ■